നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഇതിൽ റീജിയണൽ ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിൽ ഇപ്പോൾ പരിശീലനം നൽകി വരുന്നു. കുട്ടനാട് പാക്കേജിന്റെ ഭാഗമായി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലുള്ളവർക്ക് പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ യൂണിറ്റുകളിലും പരിശീലനം നടപ്പിലാക്കി വരുന്നുണ്ട്.

(സി) തെങ്ങയിടുന്നതിന് മനുഷ്യ പ്രയത്നം കൂടാതെ പ്രവർത്തിക്കുന്ന ആധുനിക ഉപകരണങ്ങൾ കേരളത്തിൽ ലഭ്യമല്ല. എന്നാൽ മനുഷ്യപ്രയത്നം വളരെ കുറച്ച് മതിയാകുന്ന തെങ്ങുകയറ്റ ഉപകരണം കേന്ദ്ര സർക്കാരിന്റെ മൈക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 25% അഥവാ 2000 രൂപ ഏതാണ് കുറവ് എന്ന നിരക്കിൽ ആവശ്യമുള്ള കർഷകർക്ക് നൽകി വരുന്നു.

കേരശ്രീ പദ്ധതി

241 (1211) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത നാളികേര വികസനത്തിന് ലക്ഷ്യമിട്ട് കേരശ്രീ പദ്ധതിക്ക് രൂപം കൊടുക്കുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പുരോഗതി എത്രമാത്രം ആയി എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരശ്രീ എന്ന സമഗ്ര നാളികേര വികസന പദ്ധതി 2007-08 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തെങ്ങിൻതോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിപാലനം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജൈവവള വിത്തുകളുടെ വിതരണം, നല്ലയിനം തെങ്ങിൻ തൈകളുടെ നടീൽ എന്നിങ്ങനെയുള്ള ഘടകങ്ങളാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കിയിട്ടുള്ളത്. 2007-08-ൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. വാർഡ് തലത്തിൽ 25-50 ഹെക്ടർ സ്ഥലത്തായി കേരഗ്രൂപ്പുകൾ രൂപീകരിച്ചാണ് കേരശ്രീ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു ഹെക്ടറിന് 5000 രൂപയാണ് ധനസഹായമായി കർഷകർക്ക് ലഭ്യമാക്കിയത്. മൊത്തം 724 കേരഗ്രൂപ്പുകൾ രൂപീകരിച്ച് 18100 ഹെക്ടർ സ്ഥലത്ത് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. 2008-09-ൽ 1192.5 ലക്ഷം രൂപ കേരശ്രീ പദ്ധതിക്കായി മുകളിൽ പരാമർശിച്ചിട്ടുള്ള ആറു ജില്ലകൾക്ക് ലഭ്യമാക്കിയതിൽ 1192.497 ലക്ഷം രൂപ ചെലവഴിച്ചു. ആകെ 23850 ഹെക്ടർ സ്ഥലത്ത് 954 ക്ലസ്റ്ററുകൾ രൂപീകരിച്ച് 1.92 ലക്ഷം കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. 5000 രൂപയാണ് ഹെക്ടറിനുള്ള ധനസഹായം 49 ലക്ഷം തെങ്ങുകൾക്ക് പദ്ധതിയിൻകീഴിൽ പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2009-10-ൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 415 ക്ലസ്റ്ററുകൾ 10375 ഹെക്ടർ സ്ഥലത്ത് രൂപീകരിച്ചാണ് കേരശ്രീ പദ്ധതി നടപ്പിലാക്കിയത്. ഒരു ഹെക്ടറിന് 14,000 രൂപ കർഷകർക്ക് ധനസഹായമായി നല്കി വരുന്നു. 2010-11-ൽ കേരശ്രീ പദ്ധതിയിൻകീഴിൽ തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പരിപാലനത്തിനായി 10513 ഹെക്ടർ സ്ഥലത്ത് 420 കേരശ്രീ ഗ്രൂപ്പുകൾ രൂപീകരിച്ച് എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഒന്നാംവർഷ ധനസഹായമായി 17,500 രൂപയാണ് ഒരു ഹെക്ടറിന് നൽകുന്നത്. പ്രായാധിക്യമുള്ളതും കാറ്റു വീഴ്ച/കൂമ്പുചീയൽ രോഗം എന്നിവ രൂക്ഷമായി ബാധിച്ചതുമായ പരമാവധി 10 തെങ്ങുകൾ ഒരു ഹെക്ടറിൽ മുറിച്ച് മാറ്റാൻ 500 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം ലഭ്യമാക്കി വരുന്നു. പുനർനടീലിനായി തെങ്ങിൻ തൈകൾക്ക് 50% (17.50 രൂപ) ധനസഹായവും സംയോജിത വളപ്രയോഗത്തിനായി തെങ്ങൊന്നിന് 12 രൂപ നിരക്കിലും സസ്യസംരക്ഷണത്തിന് തെങ്ങൊന്നിന് 10 രൂപ നിരക്കിലും ഇടയിളക്കൽ, കളപറിക്കൽ, പുതയിടീൽ, ജൈവവളപ്രയോഗത്തിനുള്ള കുലിച്ചെലവ് എന്നിവയ്ക്കായി തെങ്ങൊന്നിന് 30 രൂപ നിരക്കിലും ധനസഹായം ലഭ്യമാക്കും. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പമ്പ് സെറ്റ് സ്ഥാപിക്കാൻ (50%) പരമാവധി 10,000 രൂപ ഒരു യൂണിറ്റിന് ലഭ്യമാക്കും. ഒന്നാം വർഷ ധനസഹായമായി 1839.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 31-10-2011 വരെ 1227.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2009-10-ൽ സ്ഥാപിച്ച 415 ക്ലസ്റ്ററുകളുടെ (കേരശ്രീ ഗ്രൂപ്പ്) രണ്ടാംവർഷ ധനസഹായമായി ഹെക്ടറിന് 7000 രൂപ നിരക്കിൽ 726.25 ലക്ഷം രൂപ നൽകിയതിൽ 31-10-2011 വരെ 720 ലക്ഷം രൂപ ചെലവഴിച്ചു. തെങ്ങൊന്നിന് സംയോജിത വളപ്രയോഗത്തിന് 10 രൂപയും സസ്യസംരക്ഷണത്തിനായി 10 രൂപയും തടം തുറക്കലിനും ഇടയിളക്കലിനുമായി 20 രൂപയും ധനസഹായമായി ലഭ്യമാക്കുന്നു.

നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി

242 (1212) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ്മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) നഗരത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ 'നഗരത്തിൽ ഒരു നാട്ടിൻപുറം' പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ ;

(ബി) ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരവാസികളെ കൃഷിയിലേക്ക് ആകർഷിക്കുവാനും ജനവാസം വർദ്ധിച്ചതുമൂലം നഗരത്തിൽ കുമിഞ്ഞുകൂടുന്ന ആഹാരവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുവാൻ വേണ്ടിയും ആവിഷ്കരിച്ച് 2005-06, 2006-07 വർഷങ്ങളിൽ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ആകെ 7,660 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു. 3301 നടീൽ വസ്തുക്കളുടെ കിറ്റുകൾ 6440 പൂന്തോട്ട ഉപകരണങ്ങൾ, 2278 ഹാൻഡ് സ്പ്രേയറുകൾ, 476 നാപ്സാക്ക് സ്പ്രേയറുകൾ എന്നിവ വിതരണം ചെയ്യുകയുണ്ടായി. ഈ വർഷങ്ങളിൽ ഈ പദ്ധതിക്കായി 88.55 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY